# ജനമൈത്രി

പോലീസ് വാർത്താ പത്രിക

കേരളാ പോലീസ്

ലക്കം : 1

2013 ജനുവരി ഫെബ്രുവരി




## ജനമൈത്രി സുരക്ഷാ പദ്ധതി

### ജനങ്ങളോടൊപ്പം 5 വർഷം







**കേരളാ പോലീസിന്റെ കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി**

# ആമുഖം

**പോലീസും** പൊതുജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന കമ്മ്യൂണിറ്റി പോലിസിംഗ് പദ്ധതിയുടെ ഭാഗമായ ജനമൈത്രി സുരക്ഷാ പദ്ധതി വൻ വിജയമായി മാറി കൊണ്ടിരിക്കുകയാണ്. 2008 മാർച്ചിൽ ഒരു പൈലറ്റ് പദ്ധതി എന്ന നിലയിൽ കേരളത്തിലെ പ്രധാന നഗരങ്ങളിലെ 20 പോലീസ് സ്റ്റേഷനുകളിലാണ് ഈ പദ്ധതിയുടെ പ്രവർത്തനം ആദ്യമായി ആരംഭിച്ചത്. തുടർന്ന് ഇപ്പോൾ കേരളത്തിലെ 248 പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ എല്ലാ വിഭാഗം ജനങ്ങളും സഹർഷം സ്വാഗതം ചെയ്യുന്നു എന്നത് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് പ്രചോദകമായിട്ടുണ്ട്.

ജനങ്ങൾ, ബീറ്റ് ആഫീസർമാർ, സീനിയർ പോലീസ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ, ആട്ടോ-ടാക്സി ഡ്രൈവേഴസ്, എക്സ്-സർവീസ്മെൻ, അദ്ധ്യാപകർ, ഡോക്ടർമാർ തുടങ്ങിയ സമൂഹത്തിലെ നാനാതരത്തിലും പെട്ട ജനങ്ങളുടെ സഹകരണവും സഹായവും ഈ പദ്ധതിയുടെ വിജയത്തിന് കാരണമായിട്ടുണ്ട്. സ്ത്രീകൾ, പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളും ജനമൈത്രി സുരക്ഷാ സമിതിയിൽ പ്രവർത്തിക്കുന്നു. ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം ദൃഢമാക്കാനും അതുവഴി സമൂഹത്തിൽ നിലനിൽക്കുന്ന സാമൂഹ്യ വിരുദ്ധ പ്രവണതകളും കുറ്റകൃത്യങ്ങളും ചെറുക്കുന്നതിനും ജനമൈത്രി സുരക്ഷാ പദ്ധതി ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം മുൻ നിർത്തിയുള്ള നിരവധി പ്രവർത്തനങ്ങൾ കേരളാ പോലീസ് ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ വിവിധ ജില്ലകളിൽ നടത്തിവരുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, രോഗികൾ തുടങ്ങിയ വിഭാഗങ്ങളുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിവരുന്നു. പോലീസ് ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിൽ കൃത്യമായ ഇടവേളകളിൽ ബീറ്റ് ഏര്യാകളിലും പോലീസ് സ്റ്റേഷൻ തലത്തിലും, വിവിധ യോഗങ്ങളിലും കണ്ടുമുട്ടുന്നതും സൗഹൃദാന്തരീക്ഷത്തിൽ ആശയ വിനിമയം നടത്തുന്നതും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും മെച്ചപ്പെട്ട പോലീസ് പൊതുജനബന്ധം ഊട്ടി ഉറപ്പിക്കുന്നതിനും വലിയ ഒരളവ് വരെ ജനമൈത്രി പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

കമ്മ്യൂണിറ്റി പോലിസിംഗ് പദ്ധതിയുടെ കീഴിൽ കേരളാ പോലിസ് ഏറ്റെടുത്ത് നടപ്പാക്കി വരുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ചിട്ടുള്ള ദ്വൈമാസ പ്രസിദ്ധീകരണമായ **"ജനമൈത്രി പോലീസ് വാർത്താ പത്രിക"** യുടെ ആദ്യപതിപ്പ് ജനുവരി-ഫെബ്രുവരി 2013 ലക്കം പുറത്തിറങ്ങുകയാണ്. കേരളാ ഗവൺമെന്റിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് ഈ വാർത്താപത്രിക പുറത്തിറക്കുന്നത്.

പൊതുജന പങ്കാളിത്തത്തോടെ ജനങ്ങളുടെ സുരക്ഷ മുൻനിർത്തിയുള്ള വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ജനമൈത്രി സുരക്ഷാ പദ്ധതിയിൽ സേവന തൽപ്പരതയോടെ പ്രവർത്തിക്കുന്ന എല്ലാപേരെയും ഞാൻ അഭിനന്ദിക്കുന്നു. അത്തരം പ്രവർത്തനങ്ങൾ വാർത്താപത്രികയിലൂടെ എല്ലാവർക്കും അറിയാൻ അവസരമുണ്ടാകുന്നത് ഏറെ സന്തോഷകരമാണ്. കൃത്യമായി വാർത്തകളും ഫോട്ടോകളും എത്തിച്ച് ഈ സംരംഭം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഡോ.ബി.സന്ധ്യ ഐ.പി.എസ്**
**എ.ഡി.ജി.പി**
**സ്റ്റേറ്റ് നോഡൽ ഓഫീസർ**

**ജനമൈത്രി സുരക്ഷാ പദ്ധതി**

# ജനമൈത്രി സുരക്ഷാ പദ്ധതി; സംസ്ഥാനതല ശില്പശാല പോലീസ് ആസ്ഥാനത്ത് നടന്നു

**ബീ**റ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർ, ജനമൈത്രി സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്ത സംസ്ഥാനതല ശില്പശാല 5/2/2013 –ൽ പോലീസ് ആസ്ഥാനത്ത് നടന്നു. ശില്പശാലയിൽ ഗ്രൂപ്പ് തിരിഞ്ഞു നടന്ന ചർച്ചകളിൽ ഡോ. പി.കെ.ബി. നായർ, ഡോ. സെലിൻ സണ്ണി, ഡോ. ചാൾസ് ലിയോൺ, ഡോ. ജോസഫ്, ഡോ. അലക്സാണ്ടർ എന്നീ സാമൂഹ്യ ശാസ്ത്രജ്ഞർ ചർച്ചകൾ നയിച്ചു. സംസ്ഥാന പോലീസ് മേധാവി ശ്രീ. കെ.എസ്.ബാലസുബ്രമണ്യൻ ഐ.പി. എസ് ശില്പശാല ഉത്ഘാടനം ചെയ്തു. ദക്ഷിണമേഖല എ.ഡി.ജി.പി ശ്രീ.എ.ഹേമചന്ദ്രൻ ഐ.പി.എസ്, ജനമൈത്രി സുരക്ഷാപദ്ധതി നോഡൽ ഓഫീസറും സായുധ പോലീസ് ബറ്റാലിയൻ എ.ഡി.ജി.പിയുമായ ഡോ.ബി. സന്ധ്യ ഐ.പി.എസ്, ഐ.ജി.പി ക്രൈംസ് ശ്രീ.എം.ആർ. അജിത്കുമാർ ഐ.പി. എസ്, തൃശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ.പി. പ്രകാശ് ഐ.പി.എസ്, കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. ദേബേഷ് കുമാർ ബഹ്റ ഐ.പി. എസ്, കണ്ണൂർ ജില്ലാ പോലീസ് മേധാവി ശ്രീ. രാഹുൽ ആർ. നായർ ഐ.പി.എസ്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ), കൊച്ചി ശ്രീ.വി.എം. റഫീക് തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.

മൂന്നു വർഷത്തോളം ജനമൈത്രി പദ്ധതിയുടെ ബീറ്റ് ഓഫീസർമാരായി പ്രവർത്തിച്ചവർക്കു വേണ്ടിയുള്ള ഈ ശില്പശാലയിൽ പദ്ധതിയുടെ ശക്തി, ദൗർബല്യം, ഭാവി പരിപാടികൾ തുടങ്ങിയവ നാലു റേഞ്ചുകളേയും പ്രതിനിധീകരിച്ചെത്തിയ ഓഫീസർമാരും ജനമൈത്രി സുരക്ഷാ സമിതി അംഗങ്ങൾ പ്രത്യേകമായും ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾ നടത്തി. ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ചുവടെ ചേർക്കുന്നു.




പോലീസ് ആസ്ഥാനത്ത് 5-2-2013 ന് നടന്ന ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ശില്പശാല സംസ്ഥാന പോലീസ് മേധാവി ശ്രീ.കെ.എസ്.ബാലസുബ്രമണ്യൻ ഐ.പി.എസ് ഉത്ഘാടനം ചെയ്യുന്നു

## ജനമൈത്രി പദ്ധതിയുടെ നേട്ടങ്ങൾ

- അത്യാഹിതങ്ങൾ തടയുന്നതിലും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും പൊതുജനങ്ങളുടെ മികച്ച പിന്തുണ നേടി.
- റോഡ് ഉപഭോക്താക്കൾ, പൊതുവാഹനങ്ങളുടെ ഡ്രൈവർമാർ, കുട്ടികൾ, പൊതുജനങ്ങൾ എന്നീ വിഭാഗങ്ങളിൽ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു.
- പൊതുജനങ്ങളുമായി ചേർന്നുള്ള നൈറ്റ് പട്രോളിംഗിന്റെ ഫലമായി രാത്രികാല മോഷണങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവ തടയാൻ സാധിച്ചു.
- വിദ്യാർത്ഥി സമൂഹത്തിനിടയിൽ സൈബർ കുറ്റകൃത്യങ്ങൾ, മൊബൈൽ ദുരുപയോഗം എന്നിവ സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണം നടത്താൻ കഴിഞ്ഞു.
- വനിതകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കുകയും കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസലിംഗ് സെന്ററുകൾ സ്ഥാപിക്കൽ, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകൽ, ഗാർഹിക പീഡന നിരോധന നിയമം, ജുവനൈൽ ജസ്റ്റിസ് ആക്ട് എന്നിവയിൽ ബോധവൽക്കരണം സൃഷ്ടിക്കൽ എന്നീ വിഷയങ്ങൾ സംബന്ധിച്ച വിശദമായ ചർച്ചകൾ.
- മെച്ചപ്പെട്ട പൊതുജന പങ്കാളിത്തത്തോടെയുള്ള പോലീസ് പ്രവർത്തന മികവിന് ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷന് ഐ.എസ്.ഒ 9001 സർട്ടിഫിക്കറ്റ് ലഭിച്ചു.
- ദുർബല വിഭാഗങ്ങൾ, പ്രായമായവർ എന്നിവരുടെ കാരുണ്യ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സേവന തൽപ്പരത വളർത്തിയെടുക്കാൻ ശ്രമം. ഉദാ: ഇരിങ്ങാലക്കുടയിലെ വിദ്യാർത്ഥികൾ പ്രദേശത്തെ വൃദ്ധ സദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികളുമായി ഭക്ഷണം പങ്കുവയ്ക്കൽ.
- വിവിധതരം ഡാറ്റാ ബാങ്കുകളുടെ ശേഖരണവും സൂക്ഷിപ്പും.
- മുതിർന്ന പൗരന്മാർ–ഉദാ: ചേർപ്പ് പോലീസ് സ്റ്റേഷൻ പരിധിയിലെ മുതിർന്ന പൗരന്മാരുടെ വിവരം പ്രസിദ്ധീകരിക്കൽ, അന്യസംസ്ഥാന തൊഴിലാളികൾ–ഉദാ: മലപ്പുറത്ത് പ്രവർത്തിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ പട്ടിക പ്രസിദ്ധപ്പെടുത്തൽ– രക്ത ഗ്രൂപ്പ്– നിർണ്ണയം.
- പൊതുജനങ്ങൾ പോലീസ് ഉദ്യോഗസ്ഥരെ സുഹൃത്ത് ഉദ്യോഗസ്ഥരായി കാണുകയും പോലീസിനെ സഹായിക്കാൻ താൽപ്പര്യം കാണിക്കുകയും ചെയ്യുന്നതിലൂടെ ജനക്കൂട്ട നിയന്ത്രണം, ക്രമസമാധാന പ്രശ്നപരിഹാരം എന്നിവ എളുപ്പത്തിൽ സാദ്ധ്യമായി.
- സ്വകാര്യ സെക്യൂരിറ്റി എജൻസികളുമായി സഹകരിച്ച് ബാങ്കുകൾ മുതലായ ധനകാര്യ സ്ഥാപനങ്ങളുടെ സുരക്ഷ.
- തനിച്ച് താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമം.
- വേദനരഹിത രോഗപരിചരണം.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ.

## പോരായ്മകൾ

- പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർ, ബീറ്റ് ഓഫീസർമാർ എന്നിവർക്ക് അടിക്കടി മാറ്റം.
- ജനസംഖ്യാനുപാതികമായി സിവിൽ പോലീസ് ഓഫീസർമാർ, പ്രത്യേകിച്ച് വനിതകൾ ലഭ്യമല്ലാത്തത്.
- ബീറ്റ് ഓഫീസർമാരെ മറ്റ് ഡ്യൂട്ടികൾക്ക് അടിക്കടി നിയോഗിക്കുന്നതുമൂലം ബീറ്റ് ഡ്യൂട്ടി നടക്കാതിരിക്കുന്നത്.
- ബീറ്റ് ഓഫീസർമാർ, കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നിവർ തമ്മിൽ യഥാസമയം ഉള്ള ആശയ വിനിമയ കുറവ്.
- ബീറ്റ് ഓഫീസർമാരൊഴികെ മറ്റ് ഉദ്യോഗസ്ഥർക്ക് പദ്ധതി നടത്തിപ്പിലുള്ള താല്പര്യക്കുറവ്.

## ശുപാർശകൾ

- അഞ്ച് വർഷത്തിനിടയിൽ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക. ബീറ്റ് ഓഫീസർമാരായി സേവന സന്നദ്ധതയുള്ളവരെ മാത്രം കുറഞ്ഞത് രണ്ടുവർഷത്തേക്ക് നിയമിക്കുക.
- സ്ഥലംമാറ്റ സമയത്ത് മുൻഗാമി പിൻഗാമികൾക്ക് വിവരങ്ങൾ ശരിയായി പറഞ്ഞ് മനസ്സിലാക്കുക. പുതിയ ആളുകളെ സമിതി അംഗങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുക. ചുരുങ്ങിയത് ഒരാഴ്ച കാലത്തേക്ക് ബീറ്റ് ഏരിയായിൽ രണ്ടു പേരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്.
- അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുക.
- ജില്ലാ/റേഞ്ച് തലത്തിൽ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും റിഫ്രഷ്മെന്റ് കോഴ്സുകൾ നടത്തുക.
- സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ യോഗം നിർബന്ധമായും മാസംതോറും ചേരണം.
- ചൈൽഡ്ലൈൻ, വിവിധ സ്ത്രീശാക്തീകരണ സംഘടനകൾ, അനൗദ്യോഗിക സന്നദ്ധ സംഘടനകൾ, കൗൺസിലർമാർ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയ സാമൂഹ്യപ്രവർത്തന ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് ആശയവിനിമയം നടത്തുക.
- ജനമൈത്രി സുരക്ഷാ പദ്ധതിക്ക് ടോൾഫ്രീ ഫോൺ കണക്ഷൻ അനുവദിക്കുക.
- മറ്റ് സംസ്ഥാന സർക്കാർ വകുപ്പുകളായ സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, എക്സൈസ് എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുക.
- പാസ്പോർട്ട് അന്വേഷണം, സമൻസ് വിതരണം, ബി.സി.ആർ പരിശോധന മുതലായ ജോലികൾ ബീറ്റ് ഓഫീസർമാരെ ഏൽപ്പിക്കുക.
- പോലീസ് സ്റ്റേഷൻ തലത്തിൽ സമിതി മീറ്റിംഗുകൾ സമയ ബന്ധിതമായി നടത്തുക. സർക്കിൾ ഇൻസ്പെക്ടർമാർ/സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ എന്നിവർ ബീറ്റ് ഓഫീസർമാരുടെ ഡയറികൾ കാലാകാലങ്ങളിൽ പരിശോധിക്കുക.
- ബീറ്റ് ഓഫീസർമാർ സ്ഥലംമാറി പോകുമ്പോൾ തങ്ങൾക്കനു വദിച്ചിട്ടുള്ള സിം കാർഡ് പിൻഗാമിയെ ഏൽപ്പിക്കുക.
- ഓരോ സ്ഥലത്തെയും ബന്ധപ്പെട്ട പദ്ധതികൾ ജനമൈത്രി കേന്ദ്രങ്ങൾ വഴി നടത്തുക.
- പ്രവർത്തന ഫണ്ട് എല്ലാ ജനമൈത്രി പോലീസ് സ്റ്റേഷനുകളി ലും തുല്യമായി വീതിച്ച് നൽകുക.
- ജനമൈത്രി പദ്ധതിയുടെ ഗുണങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും പോലീസിന്റെ പ്രതിച്ഛായ പൊതുജനങ്ങളിൽ മെച്ചപ്പെടുത്തുന്നതിനും മാധ്യമസഹായം ഉപയോഗിക്കുക.
- ജില്ലാ പോലീസ് മേധാവികൾ എല്ലാ മാസവും ക്രൈം കോൺഫറൻസിനൊപ്പം പദ്ധതി അവലോകനം ചെയ്യുക.

## ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ നടന്ന വിവിധ പരിപാടികൾ

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ വിവിധ ജില്ലകളിൽ ജനമൈത്രിയുടെ ആഭിമുഖ്യത്തിൽ 2012-2013 വർഷത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പരിസ്ഥിതി സംരക്ഷണം, മാലിന്യസംസ്കരണം, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം തുടങ്ങിയ നിരവധി പരിപാടികൾ ഇതിൽപ്പെടുന്നു.

### കോട്ടയം

കോട്ടയം ജില്ലയിൽ ജനമൈത്രി സുരക്ഷാ പദ്ധതി യുടെ ആഭിമുഖ്യത്തിൽ ജനമൈത്രി പോലീസും ജില്ലാ ഭരണ കൂടവും, സ്റ്റുഡൻസ് പോലീസും, കോട്ടയം നഗരസഭയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജനമൈത്രി മാലിന്യമുക്ത നഗരം പദ്ധതി സെപ്റ്റംബർ 17ന് സംസ്ഥാന ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉത്ഘാടനം ചെയ്തു. ജനമൈത്രി സ്റ്റേറ്റ് നോഡൽ ഓഫീസർ

ഡോ.ബി. സന്ധ്യ, ജില്ലാ പോലീസ് മേധാവി ശ്രീ. സി. രാജഗോപാൽ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

## തൃശൂർ

തൃശൂർ സിറ്റി ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ 2012 ഡിസംബർ 15ന് തൃശൂർ ടൗൺ ഹാളിൽ വച്ച് സ്ത്രീസുരക്ഷാ ബോധ വൽക്കരണ സെമിനാർ സംഘടിപ്പിച്ചു. തൃശൂർ റേഞ്ച് ഐ.ജി ശ്രീ.എസ്. ഗോപിനാഥ് സെമിനാർ ഉത്ഘാടനം ചെയ്തു. തൃശൂർ ജില്ലാ പോലീസ് മേധാവി പി.വിജയൻ മുഖ്യപ്രഭാഷണം നടത്തി.



തൃശൂർ സിറ്റി പോലീസ് ജനമൈത്രി പദ്ധതിയുടെ ഭാഗമായി 2012 ഡിസംബർ 15ന് സംഘടിപ്പിച്ച ഗാർഹിക പീഡന നിരോധന നിയമവും സ്ത്രീ സുരക്ഷയും എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാർ, തൃശൂർ റേഞ്ച് ഐ.ജി ശ്രീ.എസ്.ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു

## കൊല്ലം

ശിഥിലമാകുന്ന കുടുംബ ബന്ധങ്ങൾ കൂട്ടിയിണക്കാൻ പുനലൂർ ജനമൈത്രി പോലീസ് പുനലൂർ പോലീസ് സ്റ്റേഷനിൽ ജനമൈത്രി കൗൺസിലിംഗ് സെന്റർ 2012 ജൂലൈ 31ന് പ്രവർത്തനമാരംഭിച്ചു. വിദഗ്ധ കൗൺസിലർമാരുടെ നേതൃത്വത്തിൽ എല്ലാ രണ്ടാം ശനിയാഴ്ചകളിലും ഇതിന്റെ ഭാഗമായി കൗൺസിലിംഗ് നടക്കും. ഗാർഹിക പീഡന മടക്കം പോലീസ് സ്റ്റേഷനിൽ എത്തുന്ന പരാതിക്കാരുടെ അടിസ്ഥാനത്തിൽ കൗൺസിലിംഗ് നൽകുന്നതിന് പുറമെ സ്കൂൾ, കോളേജ് തലങ്ങളിലും താലൂക്ക് ആശുപത്രിയിലും കൗൺസിലിംഗ് നടത്തും.

**'സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ'** എന്ന വിഷയത്തിൽ പുനലൂരിൽ സെമിനാർ സംഘടിപ്പിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ ലക്ഷ്യമിട്ട് ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോയും റൂറൽ ജില്ലാ പോലീസും




ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17ന് കോട്ടയത്ത് സംഘടിപ്പിച്ച മാലിന്യമുക്ത നഗരം പദ്ധതി ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉത്ഘാടനം ചെയ്യുന്നു

തൃശൂർ സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ശ്രീമതി ചന്ദൻ ചൗധരി അദ്ധ്യക്ഷത വഹിച്ചു. തൃശൂർ വിമലാ കോളേജിലെ പ്രൊഫ. ആഷ പി റാവു, അഡ്വ.സീന രാജഗോപാൽ എന്നിവർ **ഗാർഹിക പീഡന നിരോധന നിയമവും സ്ത്രീ സുരക്ഷയും** എന്ന വിഷയ ത്തിൽ വിശദമായ ക്ലാസുകൾ എടുത്തു. തൃശൂർ ജില്ലയിലെ വിവിധ കോളേജുകളിലെ വിദ്യാർത്ഥിനികൾ പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾ സ്ത്രീ സുരക്ഷയെ ക്കുറിച്ച് തങ്ങൾക്ക് ലഭിച്ച അറിവ് പുത്തനുണർവ് പകർന്നതായി അഭിപ്രായപ്പെട്ടു.




പുനലൂർ പോലീസ് സ്റ്റേഷനിൽ 2012 ജൂലൈ 31ന് ആരംഭിച്ച കൗൺസിലിംഗ് സെന്ററിന്റെ ഉത്ഘാടനം പുനലൂർ ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ശ്രീ.സന്തോഷ്ദാസ് ഉത്ഘാടനം ചെയ്യുന്നു

ജനമൈത്രി പോലീസും സംയുക്തമായി 2013 ജനുവരി 24ന് പുനലൂരിൽ സെമിനാർ സംഘടിപ്പിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം തടയൽ നിയമത്തെക്കുറിച്ച് മുൻ ജില്ലാ പോലീസ് സൂപ്രണ്ട് ശ്രീ.കെ.എൻ. ജനരാജൻ ക്ലാസ് എടുത്തു. ബാലനീതി നിയമം സംബന്ധിച്ച് ചൈൽഡ് ലൈൻ നോഡൽ കോ-ഓർഡിനേറ്റർ ശ്രീ.സി. എബ്രഹാം വിശദമായി സംസാരിച്ചു. പുനലൂർ നഗരസഭാ അദ്ധ്യക്ഷ ശ്രീമതി ഗ്രേസി ജോൺ സെമിനാർ ഉത്ഘാടനം ചെയ്തു.

## എറണാകുളം

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ എറണാകുളം തോപ്പുംപടി പോലീസ് സ്റ്റേഷനിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചു.

പൊതുജനങ്ങളുമായി പോലീസിന്റെ ബന്ധം മെച്ചപ്പെടു ത്തുന്നതിന്റെ ഭാഗമായി, ഭവനസന്ദർശനം, ആയുർവേദ മെഡിക്കൽ ക്യാമ്പ്, വിദ്യാർത്ഥിനികൾക്കായി ജാഗ്രതാസമിതി, പരിസ്ഥിതി സംരക്ഷണം, ട്രാഫിക് ബോധവൽക്കരണം, മൊബൈൽ ഫോൺ ദുരുപയോഗം സംബന്ധിച്ച ബോധവൽക്കരണം, വനിതാ ജാഗ്രത സമിതി, വനിതാ കൺവൻഷൻ, വനിതാ ബോധവൽക്കരണ ക്ലാസ്, രാത്രികാല പട്രോളിംഗ്, ഇലക്ട്രോണിക് സുരക്ഷാ ഉപകരണങ്ങളുടെ പ്രദർശനം, നിർധന രോഗിപരിചരണ പരിപാടികൾ, മയക്കുമരുന്ന് ഉപയോഗത്തിനും വിൽപ്പനക്കുമെതിരെയുള്ള ബോധവൽക്കരണ ക്ലാസ്, സാമൂഹ്യ സേവന പരിപാടികൾ, വിക്ടിം സപ്പോർട്ട് സെൽ, സൗജന്യ നേത്ര, പ്രമേഹ, രക്തസമ്മർദ്ദ ക്യാമ്പ്, വിക്ടിം വുമൺ കൗൺസിലിംഗ് സെന്റർ, വനിതാ ശാക്തീകരണ സെമിനാർ, കരിയർ ഗൈഡൻസ് ക്ലാസ്, സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുകയുണ്ടായി.

## ജനമൈത്രി സുരക്ഷാ പദ്ധതി; പരിശീലനം

ജനമൈത്രി സുരക്ഷാ പദ്ധതിയിലെ പ്രധാന പ്രവർത്തകരായ ബീറ്റ് ഓഫീസർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർ, കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർ എന്നിവർക്കായി മൂന്ന് ദിവസത്തെ പരിശീലന പരിപാടി തുടർച്ചയായി തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ച് നടന്നു. 14 ബാച്ചുകളിലായി1361 പോലീസ് ഉദ്യോഗസ്ഥർക്ക് ജനമൈത്രി സുരക്ഷാ പദ്ധതിയിൽ ഈ വർഷം വിദഗ്ധ പരിശീലനം നൽകി. എസ്. ഐ മുതൽ ഡിവൈ.എസ്.പി വരെയുള്ള ഉദ്യോഗസ്ഥർക്ക് പോലീസ് ആസ്ഥാനത്ത് വച്ച് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് പരിശീലനം 18-4-2012ന് നൽകി.



പോലീസ് ആസ്ഥാനത്ത് നടന്ന ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനതല ശില്പശാലയുടെ ദൃശ്യം

## കോമൺവെൽത്ത് ഹ്യൂമൻ റൈറ്റ്സ് ഇനീഷ്യേറ്റീവിന്റെ കമ്മ്യൂണിറ്റി പോലീസിംഗ് പഠന റിപ്പോർട്ടിൽ കേരളത്തിന് പ്രശംസ

കോമൺവെൽത്ത് ഹ്യൂമൻ റൈറ്റ്സ് ഇനീഷ്യേറ്റീവ് എന്ന സംഘടന 2011-ൽ സൗത്ത് ഏഷ്യൻ രാജ്യങ്ങളിലെ കമ്മ്യൂണിറ്റി പോലീസ് പദ്ധതികളെ സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടിൽ കേരളത്തിന്റെ ജനമൈത്രി സുരക്ഷാ പദ്ധതി പ്രവർത്തനത്തെക്കുറിച്ച് പ്രത്യേകമായി പരാമർശിക്കുകയുണ്ടായി. ഒരു മാതൃകാ പദ്ധതി എന്ന നിലയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ, ബംഗ്ലാദേശ്, മാലിദ്വീപ് തുടങ്ങിയ രാജ്യങ്ങളിലെല്ലാമുള്ള പദ്ധതികളെ വിലയിരുത്തിക്കൊണ്ടുള്ള റിപ്പോർട്ടിൽ കേരളത്തിലെ പദ്ധതിക്കാണ് ഏറ്റവും ശ്രദ്ധേയമായ സ്ഥാനം നൽകിയിരിക്കുന്നത് എന്നത് എടുത്തു പറയാവുന്ന ഒരു നേട്ടമാണ്.

കുറ്റകൃത്യങ്ങൾ തടയുക, സുരക്ഷാകാര്യങ്ങളിൽ പൊതുജന സഹകരണം തേടുക, സാമൂഹ്യസുരക്ഷ മേഖലകളിൽ പൊതുജന സഹകരണം ഉറപ്പാക്കുക എന്നീ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നതായി റിപ്പോർട്ട് വിലയിരുത്തുന്നു.

2010 മേയിൽ കോമൺവെൽത്ത് ഹ്യൂമൻ റൈറ്റ്സ് ഇനിഷ്യേറ്റീവ് (സി.എച്ച്.ആർ.ഐ) പഠന സംഘം കേരളം സന്ദർശിച്ചു. തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷൻ, കണ്ണൂർ പയ്യന്നൂർ പോലീസ് സ്റ്റേഷൻ, കോഴിക്കോട് മാറാട് പോലീസ് സ്റ്റേഷൻ, കൊച്ചി പാലാരിവട്ടം പോലീസ് സ്റ്റേഷൻ എന്നിവിടങ്ങൾ സന്ദർശിച്ച് ജനമൈത്രി പോലീസ് പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ സംഘം നേരിട്ടു മനസ്സിലാക്കി. സമിതി നടത്തിയ പഠനത്തിൽ ജനമൈത്രി പദ്ധതിയുടെ പ്രവർത്തനത്തിൽ ജനസംഖ്യാനുപാതികമായി ബീറ്റ് ഓഫീസർമാരുടെ കുറവ്, സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യക്കുറവ് ബീറ്റ് ഓഫീസർമാരെ മറ്റ് ഡ്യൂട്ടികൾക്ക് നിയോഗിക്കൽ തുടങ്ങിയ ന്യൂനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടെങ്കിലും തെക്കെ ഏഷ്യയിൽ ഏറ്റവും കാര്യക്ഷമവും പ്രായോഗികവുമായ പോലീസ് പ്രവർത്തനം കേരളത്തിൽ ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ നടപ്പാക്കിവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ജനമൈത്രി സുരക്ഷാ പദ്ധതി കേരളത്തിൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കോമൺവെൽത്ത് ഹ്യൂമൻ റൈറ്റ്സ് ഇനിഷ്യേറ്റീവ് (സി.എച്ച്.ആർ.ഐ) താഴെപ്പറയുന്ന ശുപാർശകൾ നൽകുകയുണ്ടായി.



2010 നവംബറിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ കമ്മ്യൂണിറ്റി പോലീസിംഗ് കോൺക്ലേവ് ബഹു.കേന്ദ്രമന്ത്രി ശ്രീ.പി.ചിദംബരം ഉത്ഘാടനം ചെയ്യുന്നു

ബീറ്റ് ഓഫീസർമാരുടെ കുറവ് പരിഹരിക്കുക, ബീറ്റ് ഓഫീസർമാരെ മറ്റ് ഡ്യൂട്ടികൾക്ക് ധാരാളമായി നിയോഗിക്കാതിരിക്കുക, ജനമൈത്രി സമിതികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി ഉറപ്പുവരുത്തുക, സ്ത്രീകൾക്ക് സമിതികളിൽ പുരുഷന്മാരുടേതിന് തുല്യമായ പങ്കാളിത്തം ഉറപ്പുവരുത്തുക, ബീറ്റ് ഓഫീസർമാരുടെ പ്രവർത്തന മേഖല റോഡ് നന്നാക്കൽ തുടങ്ങിയ തലങ്ങളിലേക്ക് തിരിച്ചുവിടാതിരിക്കാൻ ശ്രദ്ധിക്കുക എന്നിവയാണ് കമ്മിറ്റി നൽകിയ ശുപാർശകളിൽ പ്രധാനപ്പെട്ടത്.

## ജനമൈത്രി പോലീസ് വാർത്തകൾ

### ജനമൈത്രി പോലീസ് ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു

തൃശൂരിൽ ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 16 മുതൽ 23 വരെ ചാലക്കുടി കാർമൽ ഹൈസ്കൂൾ ഗ്രൗണ്ടിൽ വച്ച് ജനമൈത്രി സൗഹൃദ ഫുട്ബാൾ മത്സരം സംഘടിപ്പിച്ചു. കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും, ജനങ്ങളും പോലീസും തമ്മിലുള്ള സൗഹൃദം ഊട്ടിയുറപ്പിക്കുന്നതിനുമായി രൂപീകൃതമായ ജനമൈത്രി സുരക്ഷാ പദ്ധതി തൃശ്ശൂർ റൂറൽ ജില്ലാ സെമിനാർ ചാലക്കുടിയിൽ നടത്തുന്നതിന്റെ ഭാഗമായാണ് സൗഹൃദ ഫുട്ബാൾ മത്സരം നടത്തിയത്. ജില്ലയിൽ ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിവരുന്ന 14 പോലീസ് സ്റ്റേഷനുകളിൽ നിന്നും ഓരോ ജനമൈത്രി പോലീസ് ഫുട്ബോൾ ടീം രൂപീകരിച്ചാണ് മത്സരം നടന്നത്. ഓരോ ടീമിനെയും നയിക്കുന്നത് പോലീസ് ഓഫീസർമാരും ജനമൈത്രി സുഹൃത്തുക്കളും അടങ്ങുന്ന സംഘമാണ്. വിജയിക്ക് ജനമൈത്രി സെമിനാറിൽ വച്ച് ട്രോഫികൾ വിതരണം ചെയ്തു. അർജുന അവാർഡ് ജേതാവും മുൻ എസ്.പിയുമായ ശ്രീമതി. കെ. സി. ഏലമ്മ, ഇന്ത്യൻ ഫുട്ബാൾ ഇതിഹാസം ഐ.എം.വിജയൻ എന്നിവർ ചേർന്ന് മത്സരം ഉത്ഘാടനം ചെയ്തു.

### വയനാട്

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ 18-01-2013 ന് മാനന്തവാടി ടൗണിൽവച്ച് ജനമൈത്രി ശിൽപ്പശാല സംഘടിപ്പിച്ചു. ബത്തേരി എം.എൽ.എ ശ്രീ.ഐ.സി.ബാലകൃഷ്ണൻ, ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് എന്നിവർ പങ്കെടുത്തു. പ്രമുഖ മാധ്യമപ്രവർത്തകൻ ശ്രീ.ഒ.കെ. ജോണി സ്ത്രീ ശാക്തീകരണ ക്ലാസ് എടുത്തു.

### തിരുവനന്തപുരം റൂറൽ

തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ ആഭിമുഖ്യത്തിൽ 14-1-2013ന് ബാലരാമപുരം സെന്റ് സെബാസ്റ്റ്യൻ ആഡിറ്റോറിയത്തിൽ വച്ച് ജനമൈത്രി ജില്ലാതല സെമിനാർ സംഘടിപ്പിച്ചു. MLA ശ്രീമതി ജമീലാ പ്രകാശം അദ്ധ്യക്ഷത വഹിച്ചു. ബഹു: ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ നാടാർ സെമിനാർ ഉത്ഘാടനം ചെയ്തു. ജനമൈത്രി സ്റ്റേറ്റ് നോഡൽ ആഫീസർ എ.ഡി.ജി.പി. ഡോ: ബി. സന്ധ്യ ഐ.പി.എസ് പദ്ധതി വിശദീകരണം നടത്തി.

**കോട്ടയം**

കോട്ടയം ജില്ലയിൽ ജനമൈത്രി പ്ലാൻ ഫ് വിനിയോഗിച്ച് കോട്ടയം, പാലാ, പാമ്പാടി സബ് ഡിവിഷനുകളുടെ ആഭിമുഖ്യത്തിൽ ജെൻഡർ അവയർനെസ്, മൊബൈൽ ഫോൺ ദുരുപയോഗം തുടങ്ങിയ വിഷയങ്ങളിൽ 10-2-2013ന് സെമിനാറുകൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, സ്ത്രീകൾ, പൊതുജനങ്ങൾ എന്നിവർക്കായി പ്രത്യേകം ചർച്ചാ ക്ലാസുകൾ സംഘടിപ്പിച്ചു. ബഹു.കേരളാ ധനകാര്യവകുപ്പ് മന്ത്രി ശ്രീ.കെ. എം.മാണി ചർച്ച ഉത്ഘാടനം ചെയ്തു. ജില്ലാ പോലീസ് മേധാവി, ജനപ്രതിനിധികൾ, ബീറ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർ തുടങ്ങിയവർ സംബന്ധിച്ചു.

**ആലപ്പുഴ**

ചേർത്തല സബ്ഡിവിഷന്റെ ആഭിമുഖ്യത്തിൽ 7-2-2013ന് ചേർത്തല എസ്.എൻ.കോളേജ് ആഡിറ്റോറയത്തിൽ വച്ച് ജനമൈത്രി സുരക്ഷാ സെമിനാർ നടത്തി. ലീഗൽ സർവ്വീസസ് അതോറിറ്റി അംഗങ്ങൾ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൽ, ബാലനീതി നിയമം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു.

ചെങ്ങന്നൂർ സബ്ഡിവിഷന്റെ കീഴിലുള്ള ജനമൈത്രി പരിശീലന പരിപാടി 23-1-2013ന് ഗിരിദീപം ആഡിറ്റോറിയത്തിൽ വച്ച് നടന്നു. ആലപ്പുഴ സബ്ഡിവിഷന്റെ ആഭിമുഖ്യത്തിലുള്ള ജനമൈത്രി സുരക്ഷാ സംഗമം ജനുവരി 28ന് നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പ്രതിഭാ ഹരി സംഗമം ഉദ്ഘാടനം ചെയ്തു.

ജനമൈത്രി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനവും സമിതി അംഗങ്ങൾക്കായുള്ള പരിശീലന ശിബിരവും 2-2-2013ൽ ആലപ്പുഴ ടി.വി തോമസ് ഹാളിൽ നടന്നു. ബഹു.കേന്ദ്ര വ്യോമയാന വകുപ്പ് സഹമന്ത്രി ശ്രീ. കെ.സി.വേണുഗോപാൽ അദ്ധ്യക്ഷനായിരുന്നു. എം.എൽ.എമാരായ തോമസ് ചാടി, ജി.സുധാകരൻ എന്നിവരും ജനമൈത്രി സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ.ബി.സന്ധ്യ ഐ.പി.എസ്, മുൻസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി മേഴ്സി ഡയാന മാസിഡോ എന്നിവരും സംബന്ധിച്ചു.

**പാലക്കാട്**

പാലക്കാട് ജില്ലയിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ ആഭിമുഖ്യത്തിൽ കെ.പി.എം റസിഡൻസിയിൽ വച്ച് ജനുവരി 28ന് ഓട്ടോറിക്ഷ തൊഴിലാളികൾക്കായി പ്രഥമ ശുശ്രൂഷ ക്ലാസും ട്രാഫിക് ബോധവൽക്കരണവും സംഘടിപ്പിച്ചു. ജില്ലാ പോലീസ് സൂപ്ര് ഉത്ഘാടനം ചെയ്തു. ഫെബ്രുവരി നാലിന് എലപ്പുള്ളി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി മൊബൈൽ ഫോൺ ദുരുപയോഗം സംബന്ധിച്ച് ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ ജനുവരി 30ന് മുതിർന്ന പൗരന്മാർക്കായി നടത്ത മത്സരവും ഫെബ്രുവരി 1, 2, 3 തീയതികളിൽ പാലക്കാട് കോട്ട മൈതാനത്ത് വച്ച് വോളിബാൾ ടൂർണമെന്റും നടത്തി.

**കണ്ണൂർ:**

കണ്ണൂർ ജില്ലാ പോലീസിന്റെ ആഭിമുഖ്യത്തിൽ ജനുവരി 29 ന് കണ്ണൂർ പോലീസ് ഗ്രൗിൽ ജനമൈത്രി സുരക്ഷാ പദ്ധതി യുടെ ജില്ലാതല സെമിനാർ സംഘടിപ്പിച്ചു. ബഹു:സം സ്ഥാന ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സെമിനാർ ഉത് ഘാടനം ചെയ്തു. എം.എൽ. എ മാരായ ശ്രീ.എ.പി. അബ്ദുള്ള കുട്ടി, ശ്രീ.കെ.എം.ഷാജി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എസ്.സരള, കണ്ണൂർ മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീമതി എം.സി.ഷീജ, ജന മൈത്രി സുരക്ഷാ പദ്ധതി സംസ്ഥാന നോഡൽ ഓഫീസർ എ.ഡി.ജി.പി ഡോ.ബി.സന്ധ്യ ഐ.പി.എസ്, ജില്ലാ കളക്ടർ ശ്രീ.രത്തൻഖേൽക്കർ, ജില്ലാ പോലീസ് മേധാവി ശ്രീ. രാഹുൽ ആർ.നായർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ.രമേഷ് തുടങ്ങിയവർ സംബന്ധിച്ചു. മലയാള പാഠശാല ഡയറക്ടർ സി.ഭാസ്കര പൊതുവാൾ ജനമൈത്രി സുരക്ഷ പദ്ധതിയെ കുറിച്ചുള്ള അനുഭവ വിവരണം നടത്തി. ജനമൈത്രി സുരക്ഷാ പദ്ധതി പുതുതായി ആരംഭിച്ച ഏഴ് പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസുമായി ചേർന്ന് സുതുത്യർഹമായ സേവനം കാഴ്ചവെച്ച 19 പേർക്ക് എം.എൽ.എ ശ്രീ.കെ.എം. ഷാജി ക്യാഷ് അവാർഡ് നൽകി. പൊതുജനങ്ങൾ ഉൾപ്പെടെ 140-ഓളം പേർ പങ്കെടുത്ത ചർച്ച എ.ഡി.ജി.പി ഡോ. ബി.സന്ധ്യ ഐ.പി.എസ് നയി ച്ചു.

## തിരുവനന്തപുരം, മെഡിക്കൽ കോളേജ്, പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഫലമായി കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചു

റിപ്പോർട്ട്: പി.ഷാജിമോൻ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, മെഡിക്കൽകോളേജ് പോലീസ് സ്റ്റേഷൻ

12-08-2009ലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ജനമൈത്രി സുരക്ഷാ പദ്ധതി ആരംഭിച്ചത്. 14 ജനമൈത്രി ബീറ്റ് ഓഫീസർമാരും രണ്ട് അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരും ഇവിടെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്റ്റേഷൻ അതിർത്തിയിൽ 91 റസിഡൻസ് അസോസിയേഷനുകൾ പ്രവർത്തിക്കുന്നു. 24 ജന മൈത്രി സമിതി അംഗങ്ങൾ പ്രവർത്തനങ്ങളിൽ സഹായിക്കുന്നു. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, രാത്രിയും പകലുമായുള്ള സംയുക്ത ബീറ്റ് പട്രോളിംഗ്, പ്രതിമാസ ജനമൈത്രി

യോഗം, റസിഡൻസ് അസോസിയേഷൻ ഭാരവാഹികളുമായുള്ള നിരന്തര സമ്പർക്കം എന്നിവയുടെ ഫലമായി സ്റ്റേഷൻ അതിർത്തിയിൽ കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചു. 2010, 2011, 2012 വർഷങ്ങളിൽ നൈറ്റ് പട്രോളിംഗ് ശക്തമാക്കിയതിനാൽ ഓണാഘോഷവേളയിലും അവധിക്കാലങ്ങളിലും ഭവനഭേദനം, മോഷണം എന്നിവ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനം കൊണ്ടാണ് കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സാധിച്ചത്. സ്കൂൾ



തിരുവനന്തപുരം തേക്കുംമൂട് ബണ്ട്കോളനിയിൽ മെഡിക്കൽ കോളേജ് ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ പരാതിപെട്ടി സ്ഥാപിക്കുന്നു

പരിസരങ്ങളിലെ ലഹരി വസ്തുക്കളുടെ വിൽപ്പനയും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ സൈബർ കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡന നിരോധന നിയമം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു. മുതിർന്ന പൗരന്മാർക്കുവേണ്ടി എല്ലാ മാസവും വയോമിത്രം സൗജന്യ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്നുവിതരണവും നടത്തിവരുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി മെഡിക്കൽ കോളേജ് സ്റ്റേഷനതിർത്തിയിൽ മോഷണ കേസുകൾ, ഹർട്ട് കേസുകൾ, സ്ത്രീകൾക്കെതിരെയുള്ള കേസുകൾ, മറ്റ് ഗുരുതര കുറ്റകൃത്യങ്ങൾ എന്നിവ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 2008 മുതൽ 2012 വരെയുള്ള നാലുവർഷങ്ങളിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട കേസുകളുടെ താരതമ്യവിവരം ചുവടെ ചേർക്കുന്നു.

| വർഷം | മോഷണ കേസുകളുടെ എണ്ണം | പരിക്കേൽപ്പിച്ച കേസുകളുടെ എണ്ണം | സ്ത്രീകൾക്ക് എതിരെയുള്ള കേസുകൾ | ആകെ റിപ്പോർട്ട് ചെയ്ത കേസുകൾ |
|---|---|---|---|---|
| 2008 | 100 | 97 | 30 | 227 |
| 2009 | 85 | 55 | 30 | 170 |
| 2010 | 80 | 50 | 28 | 158 |
| 2011 | 70 | 40 | 23 | 133 |
| 2012 | 31 | 62 | 12 | 105 |

## ബീറ്റ് ഓഫീസറുടെ ഡയറിക്കുറിപ്പ്



21-09-2011ൽ കണ്ണൂർ ആറളം ആദിവാസി പുനരധിവാസ മേഖലയിൽ കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ ജനമൈത്രി സുരക്ഷാ പദ്ധതിയിൽ പെട്ട 7, 9, 10 ബ്ലോക്കുകളിലെ അസിസ്റ്റന്റ് ബീറ്റ് ഓഫീസറായി ഞാൻ ജനമൈത്രി സുരക്ഷാ പദ്ധതി പ്രവർത്തനമാരംഭിച്ചു. തുടക്കത്തിൽ കടന്നുചെല്ലാൻ വളരെ ശ്രമകരമായിരുന്ന കുന്നുകളും മലകളും നിറഞ്ഞ പ്രദേശങ്ങളിൽ വിവിധ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട കുറിച്യർ, മലവേടർ, പണിയാൻ, മാവില സമുദായക്കാർക്കിടയിലാണ് ഞാൻ പ്രവർത്തിച്ചത്. യാതൊരുവിധ അടിസ്ഥാന സൗകര്യവുമില്ലാതെ മൂവായിരം ഏക്കറോളം വിസ്തൃതിയുള്ള പ്രദേശത്താണ് ആദിവാസികൾ വളരെ ദുഷ്കരമായ സാഹചര്യങ്ങളിൽ കഴിഞ്ഞുവരുന്നത്. ആദിവാസികളിൽ നല്ലൊരു ഭാഗം മദ്യത്തിനും ലഹരിപദാർത്ഥങ്ങൾക്കും അടിമകളുമായിരുന്നു.

ആദിവാസികളുടെ പാരമ്പര്യത്തെ ബഹുമാനിച്ചുകൊണ്ടു തന്നെ ഇത്തരം പ്രവണതകൾ തടയാൻ പല പ്രവർത്തനങ്ങളും ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ പ്രദേശത്താ രംഭിച്ചു. സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എന്നിങ്ങനെ പ്രത്യേക ഗ്രൂപ്പുകളാക്കി തിരിച്ച് പരിസര ശുചീകരണം, ക്യാൻസർ ബോധവത്കരണം, ലഹരിവിരുദ്ധ പ്രവർത്തനം, കലാ-കായിക മത്സരങ്ങൾ, ഓണാഘോഷ പരിപാടികൾ, പാചക മത്സരം എന്നിവ സംഘടിപ്പിച്ചു. കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഷട്ടിൽ കോർട്ട്, ഫുട്ബോൾ ഗ്രൗണ്ട് എന്നിവ ജനമൈത്രി സുരക്ഷാ പദ്ധതി നിർമ്മിച്ച് നൽകി. സ്ത്രീകളുടെ കൂട്ടായ്മ സംഘടിപ്പിച്ച് വ്യാജവാറ്റ്, മദ്യവിൽപന എന്നിവ നിർത്തലാക്കി. പഞ്ചായത്തിന്റെ സഹായത്തോടെ ആദിവാസികളെ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കി. അവർക്ക് നിക്ഷേപ പ്രവണത ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടെ ബാങ്കുകളിൽ അക്കൗണ്ടുകൾ തുറക്കാൻ സഹായിച്ചു. ആദിവാസി കുട്ടികളെ സ്കൂളിൽ അയക്കാൻ പ്രോത്സാഹിപ്പിച്ചു. കൗമാരക്കാരായ പെൺകുട്ടികളെ പ്രത്യേകം കണ്ടെത്തി സ്കൂളുകളിലയക്കുകയും അവർക്ക് ബോധവത്കരണം നൽകുകയും ചെയ്തു. അംഗൻവാടി അധ്യാപകരുമായി ചേർന്ന് കുട്ടികളുടെ പഠനകാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ

നടത്തിയ വിവിധ പരിപാടികളുടെ ഫലമായി മദ്യപാനം, ആത്മഹത്യാനിരക്ക് എന്നിവ ഗണ്യമായി കുറയ്ക്കാൻ സാധിച്ചു. ആളുകൾക്ക് രോഗം വന്നാൽ ചികിത്സക്കായി അയയ്ക്കാൻ സാധിച്ചു. ബീറ്റ് ഓഫീസർ എന്ന നിലയ്ക്ക് അവർ എന്നോടുകാട്ടുന്ന ബഹുമാനവും ആദരവും സ്നേഹവും അനിർവചനീയമാണ്.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആദിവാസി സമൂഹത്തിന് സാമൂഹിക സുരക്ഷയോടൊപ്പം മെച്ചപ്പെട്ട ജീവിത ശൈലികൾ അവലംബിക്കുന്നതിനുള്ള എല്ലാവിധ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നത് സംതൃപ്തി നൽകുന്ന അനുഭവമാണ്.


**റംല ബീവി**
അസിസ്റ്റന്റ് ബീറ്റ് ഓഫീസർ
WCPO 5583
മാലൂർ പോലീസ് സ്റ്റേഷൻ, കണ്ണൂർ


## സമിതി അംഗത്തിന്റെ അനുഭവം



**ക**ഴിഞ്ഞ അഞ്ചു വർഷമായി ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രാരംഭം മുതൽ തന്നെ എനിക്ക് ഈ പ്രവർത്തനങ്ങളുമായി ചേർന്നു നിൽക്കാനും സഹകരിക്കാനും പഠിക്കാനും ഭാഗ്യമുണ്ടായി. ഞങ്ങളുടെ പ്രദേശത്തെ തൈയ്ക്കാട് ശാസ്താ ഗാർഡൻസ് റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് എന്ന നിലയിലും ഇപ്പോൾ ജനമൈത്രി പോലീസ് സമിതി അംഗം എന്ന നിലയിലും ഞാൻ പ്രവർത്തിച്ചു വരികയാണ്. ജനമൈത്രി സുരക്ഷാ പദ്ധതിയെപ്പറ്റി പറയാൻ ധാരാളം ഉണ്ടെങ്കിലും അനുവദിക്കുന്ന സ്ഥലം അപര്യാപ്തമായിരിക്കും എന്നതിനാൽ വളരെ സംക്ഷിപ്തമായി ചില കാര്യങ്ങൾ സൂചിപ്പിക്കാം.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഞങ്ങളുടെ റസിഡൻസ് അസോസിയേഷൻ. ഈ സ്റ്റേഷന്റെ കീഴിൽ നടപ്പിലാക്കിയ ചില സാമൂഹ്യക്ഷേമ പദ്ധതികൾ താഴെപ്പറയുന്നു.

**വിമല:-** അനാഥ, അന്ധ, രാജാജിനഗർ കോളനിയിൽ വൃത്തിഹീനമായ താമസം. ഭക്ഷണം കഴിച്ചും കഴിക്കാതെയുമുള്ള ജീവിതം. എലിയും പാറ്റയും ഉറുമ്പും ദേഹത്ത് തേർവാഴ്ച നടത്തുന്നു. വിമലയുടെ അവസ്ഥ ശ്രദ്ധയിൽപെട്ട ബീറ്റ് ഓഫീസറുടെ ശ്രമഫലമായി വിമലയെ ശാന്താമറിയ ആശ്രമത്തിൽ എത്തിച്ചു. കണ്ണിന് ഓപ്പറേഷൻ നടത്തി. സുഖവിവരം അന്വേഷിച്ചെത്തുന്ന ജനമൈത്രി പോലീസ് അംഗങ്ങളെ കാണുമ്പോൾ കാഴ്ച കൈവന്ന ആ കണ്ണുകളിൽ കാഴ്ചയുടെ പൂത്തിരി നിറയുന്നു.

കടവരാന്തയിൽ അന്തിയുറങ്ങുന്നവരെ പോലീസ് ലാത്തികൊണ്ട് അടിച്ചോടിക്കുന്ന ചിത്രങ്ങളാണ് നമ്മൾ സിനിമകളിൽ കണ്ടിട്ടുള്ളത്. എന്നാൽ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ സഹായത്താൽ രാജാജി നഗറിലെ ധർമ്മനും കുടുംബത്തിനും അനുഭവമതല്ല. ഭാര്യ, രണ്ടു കുഞ്ഞുങ്ങൾ, വൃദ്ധമാതാവ് എന്നിവരുമായി ഒരു കുടിലിൽ കഴിഞ്ഞിരുന്ന ധർമ്മന് ആവശ്യമായ വീട്ടുപകരണങ്ങൾ, ജീവിതമാരംഭിക്കാനുള്ള ചുറ്റുപാടുകൾ ഇവയെല്ലാം ലഭിച്ചത് ധർമ്മന് അവിശ്വസനീയമായ അനുഭവമായിരുന്നു.

ജീവിതമാർഗ്ഗം വഴിമുട്ടിനിൽക്കുന്ന യുവതികൾക്ക് തയ്യൽപരിശീലന കേന്ദ്രം, മാലിന്യനിർമ്മാർജ്ജന പരിപാടികൾ, മുതിർന്ന പൗരന്മാർക്കും സ്ത്രീകൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ, സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പ്, മദ്യം-മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള പ്രചരണം, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ ജനമൈത്രി പോലീസിന്റെ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ വിശദീകരിക്കണമെങ്കിൽ എത്ര അദ്ധ്യായം വേണ്ടിവരും?

കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർ, ബീറ്റ് ഓഫീസർമാർ എന്നിവർ പദ്ധതിയുടെ ആത്മാവ് മനസ്സിലാക്കി പ്രവർത്തിക്കുന്നു.

ജനമൈത്രി സുരക്ഷാ പദ്ധതി പരിപൂർണ്ണ വിജയമായി കഴിഞ്ഞു എന്ന് പറയുന്നില്ല. മാറ്റം, പ്രത്യേകിച്ച് മനുഷ്യമനസ്സിലെ മാറ്റം, പാറപ്പുറത്ത് ഉറുമ്പ് സൈന്യം ഇഴഞ്ഞിഴഞ്ഞ് വഴി രൂപപ്പെടുത്തുംപോലെയാണ്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി സ്റ്റേഷനാകണം, കേരളത്തെ മാതൃകയായി എടുത്ത് എല്ലാ സംസ്ഥാനങ്ങളും ഇത് പകർത്തണം. ഇന്ത്യാ മഹാരാജ്യം ജനമൈത്രി പോലീസ് പദ്ധതി ആവിഷ്ക്കരിച്ച് വിജയിച്ച രാജ്യമായി തീരും എന്ന് പ്രത്യാശിക്കുന്നു.


**കെ.രാമൻകുട്ടി മേനോൻ**
ജനമൈത്രി പോലീസ് സുരക്ഷാ സമിതി അംഗം
തൈക്കാട്, തിരുവനന്തപുരം